# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4956 06-02-2014-ലെ മറുപടിയ്ക്ക്

### പരാതികൾക്ക് കൃത്യസമയത്ത് മറുപടി നൽകുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ. എ. ഖാദർ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി | |
| (എ) | മന്ത്രിമാർക്കും ഉദ്യോഗസ്ഥന്മാർക്കും നൽകുന്ന പരാതികൾക്ക് സത്യസന്ധവും വ്യക്തവുമായ മറുപടി കൃത്യ സമയത്ത് ലഭിക്കാത്തത് സംബന്ധിച്ച് പരാതികളും ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ലെന്നുള്ള കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി)<br>(സി) | ഇക്കാര്യത്തിൽ കാലാകാലങ്ങളിൽ സർക്കാർ കർശന നിർദ്ദേശങ്ങൾ നല്കാറുണ്ട്. പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകണമെന്നതു സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലർ നം. 168/എ. ആർ 13(2)/09/ഉഭപവ തീയതി 12/01/2009, എല്ലാ ഉദ്യോഗസ്ഥരും അവരവർക്ക് നല്കിയിട്ടുള്ള ഔദ്യോഗിക ഇമെയിൽ വിലാസത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിക്കണമെന്നത് സംബന്ധിച്ച സർക്കുലർ നം. 18825/സിഡിഎൻ3 /10/ പൊഭവ തീയതി 19/5/2011, നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടി ക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം. എൽ. എ.മാരെ അറിയിക്കുന്നത് സംബന്ധിച്ച സർക്കുലർ നം.1294/ എ 2/07/പ.ക.വ തീയതി 7/5/2008, ഈ വിഷയം സംബന്ധിച്ചുള്ള സർക്കുലർനം 77369/സിഡിഎൻ4/ 11/പൊ.ഭ. വ. തീയതി 21.11.2011, സ.ഉ. (എം.എസ്)നം. 142/12/ പൊ.ഭ.വ. തീയതി 11/6/2012 എന്നിവ പ്രകാരം ഇക്കാര്യത്തിൽ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ആയതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |

(ഡി) ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് തുടങ്ങിയ ജില്ലാതല ഓഫീസർ മാർക്ക് നൽകുന്ന പരാതികൾക്കും യാതൊരു മറുപടിയും നൽകി വരാറില്ലെന്ന കാര്യവും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ജില്ലാ ഭരണാധികാരികളുടെ പ്രസ്തുത അനാസ്ഥ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരി ക്കുമോ; വ്യക്തമാക്കാമോ?

(ഡി) യും (ഇ) യും: വിവരം ശേഖരിച്ച് നല്കുന്നതാണ്.

സെക്ഷൻ ഓഫീസർ